MONDAY

04/08/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS    Editor : Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/08/2025

1. കുമ്പളങ്ങി പാടത്ത് ഡ്രോൺ വിജയകരമായി പരീക്ഷിച്ച് കേരള കാർഷിക സർവകലാശാല. പാടത്തെ ചെളിയും വെള്ളവും ഇനി വിത്ത് വിതയ്ക്കാൻ ഒരു തടസ്സമല്ല. പൊക്കാളി പോലുള്ള പാടങ്ങളിൽ വിത്ത് വിതയ്ക്കുന്നതിൽ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് പാടത്തെ ചെളിയും വെള്ളക്കെട്ടും. ലോക ബാങ്കിന്റെ ധനസഹായത്തോടെ കാർഷിക സർവകലാശാലയും, കൃഷിവകുപ്പും, പുതുതലമുറ സ്റ്റാർട്ടപ്പായ ഫ്യൂസിലേജ് ഇന്നോവേഷനും സംയുക്തമായാണ് ഈ ഉദ്യമത്തിന് നേതൃത്വം നൽകിയിരിക്കുന്നത്. ഏകദേശം 10 കിലോഗ്രാം വിത്ത് വിതയ്ക്കാൻ ശേഷിയുള്ള ഡ്രോൺ ആണ് ഉപയോഗിക്കുന്നത്. മുള പൊട്ടി തുടങ്ങിയ പാകത്തിലുള്ള വിത്തുകൾ ഒരു ഏക്കർ പാടത്ത് വിതയ്ക്കുന്നതിനായി ഏകദേശം 20 മുതൽ 25 മിനിറ്റ് സമയം മാത്രമാണ് ഡ്രോണിന് വേണ്ടി വരുന്നത്. ഇതുവഴി ഒരു ഏക്കറിൽ വിതക്കുമ്പോൾ സാധാരണയിൽ നിന്നും 10 കിലോഗ്രാം വരെ വിത്ത് ലാഭിക്കാനും കൂടുതൽ ഏകീകൃതമായ വളർച്ച ഉറപ്പുവരുത്തുവാനും ഇതിലൂടെ കഴിയും. ഡ്രോണിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ സമയം ലാഭമുള്ളതിനാൽ കൂടുതൽ ശേഷിയുള്ള ഡ്രോണിനായി പരീക്ഷണങ്ങൾ നടന്നുവരികയാണ്. സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലൂടെ നെൽകൃഷി മേഖലയിലെ കർഷകരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനുള്ള സർവകലാശാലയുടെ പ്രയത്നങ്ങളുടെ ഭാഗമായാണ് വിത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിതയ്ക്കുന്നതിനുള്ള ഡ്രോണുകൾ ഈ മേഖലയിൽ പരീക്ഷിക്കുന്നതെന്ന് കാർഷിക സർവകലാശാല അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ മേധാവി ഡോ. കെ. പി സുധീർ വ്യക്തമാക്കി.

2. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ആഗസ്റ്റ് 6, 7, 8 തീയതികളിൽ രാവിലെ 9 ന് ഇടുക്കി ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തുന്നു. ഇടുക്കി ചെറുതോണിയിലെ ജില്ലാ വ്യാപാര ഭവനിൽ നടക്കുന്ന സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

3. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025 – 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി **ഫോട്ടോഗ്രാഫി** മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെ തുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

ഒന്നാം സമ്മാനം 25000 രൂപ

രണ്ടാം സമ്മാനം 15000/-രൂപ

മൂന്നാം സമ്മാനം 10000/-രൂപ

പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതിയിലൂടെ ആദിവാസി കർഷകർ ഉത്പാദിപ്പിക്കുന്ന തനത് ഉത്പന്നങ്ങളായ കാപ്പി, തേൻ, കുരുമുളക്, കുടംപുളി എന്നിവയ്ക്ക് പ്രിയമേറുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ കൃഷിവകുപ്പ്, ആദിവാസികളുടെ സമഗ്ര ഉന്നമനത്തിനായി നടപ്പിലാക്കിയ പൈലറ്റ് പദ്ധതിയാണിത്. കാർഷിക വിളകളുടെ വിളവ്യാപനം മുതൽ കാർഷിക ഉത്പന്ന മൂല്യവർധനവും വിപണനവും വരെ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. www.athirappillytribalvalley.com എന്ന വെബ്സൈറ്റ് വഴിയും സംസ്ഥാന, ദേശീയ തലങ്ങളിലെ വിവിധ എക്സിബിഷനുകൾ വഴിയും **അതിരപ്പിള്ളി ബ്രാൻഡ്** ഉപഭോക്താക്കളിലെത്തുന്നു. കൃഷി വകുപ്പിന്റെ **കേരളഗ്രോ** ബ്രാൻഡിംഗ് ചെയ്യുകയും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകളിലൂടെയും അതിരപ്പിള്ളി ബ്രാൻഡിലു ള്ള ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തേങ്ങയിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾക്കു 3 കോടി രൂപ വരെ സബ്സിഡി നൽകാൻ ദേശീയ നാളികേര വികസന ബോർഡ് തീരുമാനിച്ചു. ചെലവിന്റെ 25% അല്ലെങ്കിൽ 50 ലക്ഷം രൂപ വരെ ഉണ്ടായിരുന്ന സബ്സിഡിയാണു പരമാവധി 3 കോടി രൂപയാക്കി വർധിപ്പിച്ചത്. നാളികേര ടെക്നോളജി മിഷനു കീഴിൽ തേങ്ങാപ്പാൽ, വെർജിൻ വെളിച്ചെണ്ണ, ഉൾതേങ്ങ, പാക്ക് ചെയ്ത ഇളനീർ, നാളികേരപ്പൊടി, ചിരട്ടക്കരിയിൽ നിന്നുള്ള ആക്ടിവേറ്റഡ് (ഉത്തേജിത) കാർബൺ തുടങ്ങിയവ നിർമിക്കുന്ന സംരംഭങ്ങളുടെ പ്ലാന്റ്, യന്ത്രഭാഗങ്ങൾ, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ ചെലവിനാണു സബ്സിഡി. തോപ്പുകളിലെ കീടരോഗ നിയന്ത്രണം, തേങ്ങയുടെ സംസ്കരണം, മൂല്യവർധന എന്നിവയ്ക്കുള്ള ഗവേഷണത്തിന് 50 ലക്ഷം മുതൽ ഒരു കോടി രൂപ വരെ സാമ്പത്തികസഹായം അനുവദിക്കും. കർഷകർക്കു കരിക്കു പാർലർ തുടങ്ങാനും ഉണ്ടക്കൊപ്ര, മില്ലിങ് കൊപ്ര, കരിക്ക് സംസ്കരണം എന്നിവയ്ക്കു സൗകര്യമൊരുക്കാനും കർഷക കൂട്ടായ്മകൾക്കും (എഫ്പിഒ) വ്യക്തികൾക്കും സംഘങ്ങൾക്കും കൊപ്ര തരംതിരിക്കൽ, ഗ്രേഡിങ്, ഉണക്കൽ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കാനും മൊത്തം ചെലവിന്റെ 50% അല്ലെങ്കിൽ പരമാവധി 3 ലക്ഷം രൂപ സബ്സിഡി കിട്ടും. മൂല്യവർധിത ഉൽപന്നങ്ങൾ വിൽക്കുന്ന കിയോസ്കുകൾക്കു റീഇംബേഴ്സ്മെന്റ് രീതിയിൽ സബ്സിഡി കിട്ടും. ഫോൺ: 0484 2377266, 2376553.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) വെള്ളായണി കാർഷിക കോളേജിൽ വെച്ച് **"ഫലവർഗ്ഗ വിളകളിലെ കായിക പ്രവർദ്ധനം"** (ബഡിങ്, ലയെറിങ്, ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ ഈ മാസം 5ന് (05/08/2025), ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. റബ്ബർബോർഡ് റബ്ബർ ഉത്പന്ന നിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ആഗസ്റ്റ് 06-ന് കോഴ്സ് ആരംഭിക്കും. റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേ◌ാ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"പോത്ത് വളർത്തൽ"** എന്ന വിഷയത്തിൽ 06/08/2025 ന് പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

4. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം **6, 7 തീയതികളിൽ മുട്ടകോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 – 2965535.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## കാർഷിക നിർദേശം

1. തെങ്ങ് –കുമ്പ ചീയൽ

തുടർച്ചയായ മഴ മൂലം, തെങ്ങിൽ കുമ്പചിയൽ രോഗം വരാൻ സാധ്യതയുണ്ട് . തെങ്ങിലെ കുമ്പചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കുമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കുമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധിവരെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം